# MALAYALAM

**SECOND LANGUAGE**

**(Three hours)**

Answers to this Paper must be written on the paper provided separately.
You will not be allowed to write during the first 15 minutes.
This time is to be spent in reading the question paper.
The time given at the head of this Paper is the time allowed for writing the answers.

This paper comprises of two Sections; Section A and Section B.
Attempt all the questions from Section A.
Attempt four questions from Section B, answering at least one question each from the two books you have studied and any two other questions.
The intended marks for questions or parts of questions are given in brackets

---

**SECTION – A (40 marks)**

*Attempt **all** question*

**Question 1**

Write a short composition in **Malayalam** of approximately 250 words on any **one** of the following topics:-

**(15)**

(**താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്തു ഏക**-ദേശം 250 വാക്കിൽ ഒരു ഉപന്യാസം മലയാളത്തിൽ എഴുതുക)

i. ജലം അമൂല്യമാണ് - ജലത്തിന്റെ മഹത്വത്തെപ്പറ്റി വിവരിക്കുക.

ii. ഒരു നല്ല സ്വഭാവം വളർത്തിയെടുക്കാൻ വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്. സമർത്ഥിക്കുക.

iii. ശരീരത്തേയും മനസ്സിനേയും രോഗങ്ങളിൽ നിന്നും സംരക്ഷിക്കാൻ വേണ്ടി ചെയ്യാവുന്ന കാര്യങ്ങളെപ്പറ്റി വിവരിക്കുക.

iv. ശക്തൻമാർക്കു ഭൂഷണം ക്ഷമ- ഈ പഴഞ്ചൊല്ലിനെ ആസ്പദമാക്കി ഒരു സ്വതന്ത്രകഥ എഴുതുക.

v. താഴെകൊടുത്തിരിക്കുന്ന ചിത്രത്തെ ആസ്പദമാക്കി ഒരു ലേഖനമോ വിവരണമോ തയ്യാറാക്കുക.



**Question 2**

Write a letter in **Malayalam** in approximately 120 words on any **one** of the topic given below:-

(7)

(താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്തു ഏകദേശം 120 വാക്കിൽ ഒരു കത്തെഴുതുക)

അനാഥമായിക്കിടക്കുന്ന ഒരു ഗ്രന്ഥശാലയുടെ (Library) പ്രവർത്തനം പുനഃസംഘടിപ്പിക്കണമെന്ന ഭ്യർത്ഥിച്ചുകൊണ്ട് ബന്ധപ്പെട്ട അധികാരിക്കു ഒരു കത്തെഴുതുക,

അല്ലെങ്കിൽ

നിങ്ങളുടെ സ്കൂളിൽ നടന്ന യുവജനോത്സവത്തിൽ കലാപ്രതിഭയോ തിലകമോ ആയി തിരഞ്ഞെടുക്കപ്പെട്ട അനുഭവങ്ങൾ വിവരിച്ചുകൊണ്ട് സുഹൃത്തിന് ഒരു കത്തെഴുതുക.

**Question 3**

Read the passage given below and answer in **Malayalam** the questions that follow, using your own words as far as possible:-

(താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചതിനുശേഷം തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് സ്വന്തം വാക്കുകളിൽ ഉത്തരമെഴുതുക)

പൗരാണികരായ ഋഷിവര്യൻമാർ മനുഷ്യരാശിക്ക് പൊതുവെ പ്രയോജനപ്പെടുന്ന വിധത്തിൽ മൂന്ന് മഹാവാക്യങ്ങൾ ഉപദേശിച്ചിട്ടുണ്ട്. ഒന്ന്, 'അസതോ മാ സദ്ഗമയ'. രണ്ട് 'തമസോ മാ ജ്യോതിർഗമയ' മൂന്ന്, 'മൃത്യോർമാ അമൃതം ഗമയ' ആദ്യത്തെ വാക്യത്തിൽ മഹത്തായ സാന്മാർഗ്ഗിക തത്ത്വങ്ങളെയാണ് ഉദ്ദേശിക്കുന്നത്. 'തിന്മയിൽ നിന്നും നന്മയിലേക്ക് എന്നെ നയിക്കേണമേ' എന്ന്. തിന്മയാണ് മനുഷ്യന്റെ സകല വിപത്തുകൾക്കും കാരണം. തിന്മ കൊണ്ട് നാം ഒന്നും നേടുന്നില്ല. അത് അനുദിനം നമ്മെ വിനാശത്തിലേക്ക് നയിച്ചു കൊണ്ടിരിക്കും. ഒരു മദ്യപാനിക്ക് മദ്യം ഉള്ളിൽ ചെന്നാൽ സംഭവിക്കുന്ന ദോഷഫലങ്ങളെപ്പറ്റി ബോധമില്ലാഞ്ഞിട്ടല്ല, അയാൾ മദ്യത്തിന് അടിമയാക്കുന്നത്, തിന്മയുടെ പ്രേരണ നിമിത്തമാണ്. നന്മയെ തിന്മ ജയിക്കുന്നതു കൊണ്ടാണ്. ഒരു കൊലപാതകിക്കും താൻ ചെയ്യുന്നത് മഹാപാതകമാണെന്നറിയാം. അയാളുടെ മനഃസാക്ഷി ആ ദുഷ്ടകർമ്മത്തിൽ നിന്ന് അയാളെ വിലക്കുന്നുമുണ്ട്. എന്നാൽ വിലക്കുകളൊന്നും വകവയ്ക്കാതെ അയാൾ ആ ക്രൂരകൃത്യത്തിന് തയ്യാറാവുന്നു. ഒടുങ്ങാത്ത ശത്രുതയോ, ശക്തമായ ബാഹ്യപ്രേരണയോ, പണത്തോടുള്ള ദുർമ്മോഹമോ ആയിരിക്കാം കാരണം. ഇവിടെയും തിന്മയുടെ ജയമാണ് നാം കാണുന്നത്. അതിനാൽ നമുക്ക് ഈശ്വരനോട് പ്രാർത്ഥിക്കാനുള്ളതും പ്രാർത്ഥിക്കേണ്ടതും മേൽ പറഞ്ഞ മഹോപദേശമാണ്. ''ഈശ്വരാ എന്നെ ഈ തിന്മയുടെ പിടിയിൽ നിന്നും രക്ഷിച്ച് നന്മയിലേക്ക് നയിക്കേണമേ'' എന്ന് അങ്ങനെയുള്ള പ്രാർത്ഥനകൊണ്ടേ നമുക്ക് സന്മാർഗ്ഗത്തിലേക്കുള്ള പ്രയാണം സുഗമമാകൂ.

ഇനി രണ്ടാമത്തെ വാക്യത്തിലേക്ക് കടക്കാം 'തമസോ മാ ജ്യോതിർ ഗമയ' അന്ധകാരത്തിൽ നിന്നും എന്നെ പ്രകാശത്തിലേക്ക് നയിക്കേണമേ' എന്ന് അജ്ഞതയുടെ പ്രതീകമാണ് അന്ധകാരം. ആ അന്ധകാരമാകുന്ന കൊടുംകാട്ടിൽപ്പെട്ട് നാം ഉഴലുകയാണ്. ജനതയെ നയിക്കാൻ ഇന്ന് വിജ്ഞന്മാരില്ല. താൻ ഏർപ്പെടുന്ന പ്രവൃർത്തിയിൽ വേണ്ടത്ര അറിവു നേടിയിട്ട് ജനങ്ങളുടെ നേതാവാകാൻ ആരും ആഗ്രഹിക്കുന്നില്ല. അജ്ഞാനമാകുന്ന കൂരിരുട്ടിൽ നിന്നും വിജ്ഞാനത്തിന്റെ പ്രകാശത്തിൽ എത്തിച്ചേർന്നാൽ മാത്രമേ മനുഷ്യന് യഥാർത്ഥ ബോധം ഉണ്ടാവുകയുള്ളൂ. അതായത് നമ്മെയും, ഈ പ്രപഞ്ചത്തെയും എല്ലാം നിയന്ത്രിച്ച് കൊണ്ടുപോകുന്ന അദൃശ്യശക്തിയായ ഈശ്വരനെക്കുറിച്ചുള്ള ബോധം. പ്രകാശത്തിന്റെ ഉന്നത ഗോപുരത്തിലാണ് ഈശ്വര ചൈതന്യം പ്രസരി

ക്കുന്നത്. നമ്മുടെ ഹൃദയത്തിൽ നിന്നും ഇരുട്ട് നിശ്ശേഷം നീങ്ങി, വെളിച്ചത്തിന്റെ പൊൻതാരയിലേക്കാകട്ടെ നമ്മുടെ പ്രയാണം.

''മൃത്യോർമാ അമൃതം ഗമയ'' മൃത്യുവിൽ നിന്ന് അമരത്വത്തിലേക്ക് എന്നെ നയിക്കേണമേ' എന്നതാണ് മൂന്നാമത്തെ മഹാകാവ്യം മനുഷ്യ ജീവിതം നശ്വരമാണ്. അതിനെ അനശ്വരമാക്കാൻ സത്കൃത്യങ്ങളിലൂടെ സാധിക്കൂ. സജ്ജനങ്ങളുമായുള്ള സംസർഗ്ഗം നമുക്ക് അന്യരിൽ ആദരവും സ്നേഹവും ജനിപ്പിക്കുന്നു. അവർക്ക് നമ്മളാൽ കഴിയും വിധം ഉപകാരം ചെയ്തു കൊടുക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. 'പരോപകാരമേ പുണ്യം, പാപമേ പരപീഡനം' എന്ന വ്യാസോപദേശത്തിന്റെ മാഹാത്മ്യം അപ്പോഴാണ് നമുക്ക് വ്യക്തമാകുന്നത്. അന്യ ജീവന് പ്രയോജനം ചെയ്തിട്ടാണ് നാം സ്വന്തം ജീവിതം ധന്യമാക്കുന്നത്. ആക്കേണ്ടത്. നാം നമ്മുടെ സുഖത്തിനു വേണ്ടി ചെയ്യുന്ന കാര്യങ്ങൾ അന്യരുടെ സുഖത്തിനുകൂടി പ്രയോജനപ്പെടണം. എങ്കിലേ നമുക്ക് യഥാർത്ഥമായ ആത്മസുഖം ലഭിക്കുകയുള്ളൂ.

i. ഋഷി വര്യന്മാർ മനുഷ്യരാശിക്ക് ഉപദേശിച്ചിട്ടുള്ള മഹാവാക്യങ്ങളേവ? (2)

ii. ''നന്മയെ തിന്മ ജയിക്കുന്നു''. ഉദാഹരണസഹിതം വ്യക്തമാക്കുക. (2)

iii. ''അജ്ഞതയുടെ പ്രതീകമാണ് അന്ധകാരം'' വിലയിരുത്തുക (2)

iv. വ്യാസോപദേകത്തിന്റെ മാഹാത്മ്യം വിശദമാക്കുക. (2)

v. ഈ ഗദ്യഭാഗത്തിന് ഉചിതമായ ഒരു ശീർഷകം (Title )നൽകി വിവരിക്കുക (2)

**Question 4**

Answer the following according to the instructions given :-

(താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങളനുസരിച്ച് ഉത്തരമെഴുതുക)

1). Change in to indirect speech: (1)

(അനുകഥനമാക്കുക)

ശൂർപ്പണഖ: ഞാൻ രാക്ഷസരാജാവായ രാവണന്റെ അനുജത്തിയാണ് എന്നെ അങ്ങ് ഭാര്യയായി സ്വീകരിക്കണം

രാമൻ : എനിക്കു ഒരു ഭാര്യ ഉള്ളതിനാൽ നിന്നെ സ്വീകരിക്കാൻ കഴിയില്ല.

2). Give on word for the following (1)

(ഒറ്റപ്പദം എഴുതുക)

i. ഗ്രഹിക്കാൻ പ്രയാസമുള്ളത്

ii. നന്മയും തിന്മയും

iii. ക്ഷതത്തിൽ നിന്ന് ത്രാണനം ചെയ്യുന്നവൻ

iv. മരണമില്ലാത്തവൻ

3). Correct the spelling mistake (1)

(അക്ഷരതെറ്റു തിരുത്തുക)

i. ഉൽഘാടനം

ii. പിന്നോക്കം

iii. അസ്തമനം

iv. വിദ്യുത്ശക്തി

4). Write a proverb about the following topics (1)

(താഴെകൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെപ്പറ്റി ഒരു പഴഞ്ചൊല്ല് എഴുതുക)

1. മനുഷ്യന്റെ സ്വഭാവം
2. ഓണം

5). Write two synonyms of any two words (2)

(താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് രണ്ട് പര്യായപദം വീതം എഴുതുക)

i. ശരീരം
ii. മഴ
iii. താമര

6) Write a sentence about any two phrases given below: (2)

(ഏതെങ്കിലും രണ്ട് ശൈലികൾ വാക്യത്തിൽ പ്രയോഗിക്കുക)

i. ഭഗീരഥപ്രയത്നം
ii. ജലരേഖ
iii. കീറാമുട്ടി

**SECTION – B (40 marks)**

*Attempt **four** questions from this section*

*You must answer at least one question from each of the two books*

*you have studied and any two other questions*

***സാഹിത്യ സുരഭി - കഥകൾ***

***SAHITHYSURBHI- STORIES***

**Question 5**

Read the extract given below and answer in **Malayalam** the questions that follow-

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക).

ഒരു കാളക്കിടാവിനെ വളക്കാന് കിട്ടിച്ചാ വേണ്ടില്ലാർന്നേ---- മാടത്തില്--- കുയിലച്ചാർക്ക്---

മാണിക്യൻ (ലളിതാംബിക അന്തർജനം)

MANIKKAN – (LALITHAMBIKA ANTHARJANAM)

ചോദ്യങ്ങൾ:-

i. യജമാനൻ ആ അപേക്ഷ അനുവദിച്ചതെന്തുകൊണ്ട് (2)
ii. യജമാന്റെ വീട്ടിലായിരുന്നപ്പോൾ കാളക്കിടാവിന്റെ അവസ്ഥ എന്തായിരുന്നു (2)
iii. കാളക്കിടാവിനു നൽകിയ സൽക്കാരം വിവരിക്കുക (3)
iv. ആ കാളക്കിടാവ് നഷ്ടപ്പെട്ടതെങ്ങനെ? (3)

**Question 6**

Read the extract given below and answer in **Malayalam** the questions that follow-

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യ ങ്ങൾക്ക് ഉത്തരം എഴുതുക).

വരിവരിയായി നിൽക്കുന്ന കാറ്റാടിമരങ്ങളിൽ ഒന്നിന്റെ ചുവട്ടിലാണ് ഞാൻ ഇരിക്കുന്നത്''

പ്രകാശം പരത്തുന്ന പെൺകുട്ടി - (ടി. പത്മനാഭൻ)

PRAKASHAMPARATHUNNA PENKUTTY – (T. PADMANABHAN)

ചോദ്യങ്ങൾ:-

i. അയാളുടെ മുന്നിൽ കാണപ്പെട്ട കോട്ടയെപ്പറ്റി വിവരിക്കുക. (2)

ii. ഓർമ്മവെച്ചകാലം മുതൽ അയാളുടെ ശീലം എന്തായിരുന്നു (2)

iii. അവിടെ വരുമ്പോൾ അയാൾക്കുണ്ടാകുന്നഅനുഭവങ്ങൾ എങ്ങനെയായിരുന്നു? (3)

iv. അയാൾ ഒരു പുതിയ മനുഷ്യനായി മാറിയ സംഭവം ലഘുലായി വിവരിക്കുക. (3)

**Question 7**

Read the extract given below and answer in **Malayalam** the questions that follow-

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യ ങ്ങൾക്ക് ഉത്തരം എഴുതുക)

''ഇയാൾ എന്തൊരു ഭ്രാന്തനാ എന്നു ചിലർ പറഞ്ഞു. വല്ല നിധിയും കിട്ടുമെന്നുവച്ചാ പാവം പാടു പെടുന്നത് എന്ന് ചിലർ''

ഉതുപ്പാന്റെ കിണർ - (കാരൂർ)

UTHUPPANTE KINAR – (KAROOR)

ചോദ്യങ്ങൾ

i. കുടുംബശൂന്യനായ ഉതുപ്പാൻചെയ്ത പ്രവർത്തിയും അനുഭവിച്ച സന്തോഷം വിവരിക്കുക. (3)

ii. ഉതുപ്പാനെപ്പറ്റി കുറ്റം പറഞ്ഞവർ പിന്നെ എന്താണ് ചെയ്തത്? (2)

iii. ആ കിണർ നികത്താതിരിക്കാൻ വേണ്ടി ഉതുപ്പാൻ നടത്തിയ ശ്രമങ്ങൾ വിവരിക്കുക (2)

iv. ഉതുപ്പാന്റെ അന്ത്യം വിവരിക്കുക. (3)

## *സാഹിത്യ സുരഭി - കവിതകൾ*

## *SAHITHYSURBHI- POEMS*

**Question 8**

Read the extract given below and answer in **Malayalam** the questions that follow-

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക)

ആരിതെറിഞ്ഞുകൊടുത്തു; യശോദതൻ
മാറിലെത്തുമണി മാല്യമതാ-----

കർമ്മഭൂമിയുടെ പിഞ്ചുകാൽ - (വള്ളത്തോൾ)

KARMABHUMIYUDE PINJUKAL – (VALLATHOL)

.ചോദ്യങ്ങൾ

i. കണ്ണൻ നദിയിൽ പതിച്ചപ്പോൾ നദീമാതാവിനുണ്ടായ വികാരങ്ങൾ കവി വർണ്ണിക്കുന്നതെങ്ങനെ? (3)

ii. കാളിയന്റെ വരവിനെ കവി വിവരിക്കുന്നതെങ്ങനെ? (2)

iii. കാളിയന്റെ അഹങ്കാരത്തെ കൃഷ്ണൻ തകർക്കുന്നതെങ്ങനെ? (3)

iv. ''ഇങ്ങനെ സംസാരനാടകമാടിനാ-
നങ്ങവൻ വാരുണരംഗത്തിങ്കൽ'' - സംസാര നാടകം എന്ന പ്രയോഗത്തിന്റെ ഔചിത്യം വിശദമാക്കുക (2)

**Question 9**

Read the extract given below and answer in **Malayalam** the questions that follow-

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക)

''കളപറിക്കാരി കരഞ്ഞേ പോയൊരു
കാലപ്പിഴയുടെ കൂത്താട്ടം''

പുത്തൻ കലവും അരിവാളും - (ഇടശ്ശേരി)

PUTHAN KALAVUM ARIVALUM – (EDASSERY)

ചോദ്യങ്ങൾ

i. കോമൻ പാടത്ത് വിതച്ചതെങ്ങനെ? (2)

ii. കളപറിക്കാരി കരയാൻ കാരണമെന്ത്? (3)

iii. കോമന് കോരിത്തരിപ്പ് ഉണ്ടായത് എപ്പോൾ? (2)

iv. ''അധികാരം കൊയ്യണമാദ്യം നാം (3)
അതിനുമേലാകട്ടെ പൊന്നാര്യൻ'' സന്ദർഭവും ആശയം വ്യക്തമാക്കുക.

**Question 10**

Read the extract given below and answer in **Malayalam** the questions that follow-

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക)

''ഇനിയും മരിക്കാത്ത ഭൂമി - നിന്നാസന്ന-
മൃതിയിൽ നിനക്കാത്മശാന്തി''

ഭൂമിക്കൊരു ചരമഗീതം - (ഒ. എൻ. വി. കുറുപ്പ്)

BHUMIKKORU CHARAMAGEETHAM – (O.N. V. KURUPP)

ചോദ്യങ്ങൾ

i. കവി മുൻകൂട്ടി ആത്മശാന്തി നേരുന്നതെന്തുകൊണ്ട്? (2)

ii. അമ്മ മക്കളോട് എങ്ങനെയെല്ലാമാണ് വാത്സല്യം കാണിക്കുന്നത്? (3)

iii. അമ്മയുടെ മക്കൾ പുതിയ കഥ എഴുതുന്നതെങ്ങനെ? (3)

iv. അമ്മ സൗരമണ്ഡലപ്പെരുവഴിയിലൂടെ സഞ്ചരിക്കുന്ന ചിത്രം വിവരിക്കുക. (2)

## മയ്യഴിപ്പുഴയുടെ തീരങ്ങളിൽ- നോവൽ -

**NOVEL - MAYYAZHIPPUZHAYUDE THEERNGALIL**

**(എം. മുകുന്ദൻ–** M. MUKUNTHAN)

**Question 11**

Read the extract given below and answer in **Malayalam** the questions that follow-

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക)

''ലെസ്‌ലീലിസായും കുറമ്പിയമ്മയും അങ്ങനെ നാട്ടുകാര്യങ്ങൾ പറഞ്ഞിരുന്നു. അവർ ഒരുമിച്ചിരുന്നു പൊടിവലിച്ചു''

ചോദ്യങ്ങൾ

i. .ലെസ്ലീസായ്പ്പിന്റെ വേഷവും ഭാവവും വിശദമാക്കുക. (2)

ii. അദ്ദേഹത്തോടു കുറമ്പിയമ്മ ആവശ്യപ്പെട്ടതും അദ്ദേഹത്തിന്റെ മറുപടിയും വിശദമാക്കുക (3)

iii. ആരുടെ രോഗത്തെപ്പറ്റിയാണ് അവർ സംസാരിച്ചത്? (2)

iv. മൂപ്പർ സായ്പ്പിന്റെ ബംഗ്ലാവിനെക്കുറിച്ച് വിവരിക്കുക. (3)

**Question 12**

Read the extract given below and answer in **Malayalam** the questions that follow-

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക)

''കുറിയമ്മ എന്തോ പറഞ്ഞ് കൊണ്ട് വരികയാണ്. പെട്ടെന്ന് മിസ്സി ഓർമ്മകളിൽ സ്വയം നഷ്ടപ്പെട്ടു''

ചോദ്യങ്ങൾ

i. മിസ്സി ഓർമ്മകളിൽ മുഴുകിയതെങ്ങനെ? (2)

ii. മിസ്സിയുടെ മക്കളുടെ സ്വഭാവങ്ങൾ താരതമ്യം ചെയ്യുക (3)

iii. പ്രായപൂർത്തിയായപ്പോൾ ഗസ്തോന്റെ സ്വഭാവത്തിൽ വന്ന മാറ്റങ്ങൾ എന്താണ്? (2)

iv. .ലെസ്സ്ലി സായ്‌വിന്റെ വേദനയും അന്ത്യവും വിവരിക്കുക. (3)

**Question 13**

Read the extract given below and answer in **Malayalam** the questions that follow-

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക)

''സ്കൂളിൽ പോകാനുള്ള അടങ്ങാത്ത ആഗ്രഹം അറിവിന് വേണ്ടിയുള്ള അസഹ്യമായ ദാഹം''

ചോദ്യങ്ങൾ

i. ദാസൻ പ്രാർത്ഥനകളിൽ മുഴുകുന്നതെങ്ങനെ? (2)

ii. ദാസന്റെ ആഗ്രഹം എന്തായിരുന്നു? അവന് ലഭിച്ച പ്രചോദനം എവിടെ നിന്നായിരുന്നു? (3)

iii. ദാസന്റെ ആഗ്രഹം അണപൊട്ടിയതെങ്ങനെ? (3)

iv. കുറമ്പിയമ്മ കൊച്ചു മകനെപ്പറ്റി ആഗ്രഹിച്ചതെന്ത്? (2)

## <u>സാകേതം – നാടകം Drama – SAKETHAM</u>

**(സി. എൻ. ശ്രീകണ്ഠൻ നായർ –** (C.N. SREEKANDAN NAIR)

**Question 14**

Read the extract given below and answer in **Malayalam** the questions that follow-

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക)

''ഇവിടമാണ് അയോദ്ധ്യ. ഇക്ഷ്വാകുവിന്റെ വംശത്തിൽ പിറന്ന ദശരഥൻ---- പക്ഷേ ദുഃഖം ദശരഥനുമുണ്ടായി''

ചോദ്യങ്ങൾ

i. അയോദ്ധ്യയിലെ അലങ്കാരങ്ങൾ വിവരിക്കുക (2)

ii. അയോദ്ധ്യാപതിയുടെ ദുഃഖം എന്തായിരുന്നു? അതിനു കാരണമായ ശാപകഥ ചുരുക്കിയെഴുതുക (3)

iii. സരയുവിൽ നാകസൗന്ദര്യം വീണ്ടും ബിംബിച്ചതെങ്ങനെ? (2)

iv. സുമന്ത്രൻ ആരാണ്. അദ്ദേഹം സൂത്രധാരനു നൽകുന്ന ഉത്തരവുകൾ എന്തെല്ലാം? (3)

**Question 15**

Read the extract given below and answer in **Malayalam** the questions that follow-

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക)

''രാജാ ദശരഥനും ഒരു പുൽക്കൊടിയും തമ്മിലെന്തു ഭേദം---, പ്രിയപ്പെട്ട കൈകേയീ--- നാം ഈ സത്യം എങ്ങനെ പാലിക്കും?''

ചോദ്യങ്ങൾ

i. ഇവിടെപ്പറയുന്ന സത്യം എന്താണ്? അതുപാലിക്കാൻ ദശരഥനു കഴിയാത്തതെന്തുകൊണ്ട്? (2)

ii. ദശരഥന്റെ നടുക്കവും കൈകേയിയെപ്പറ്റിയുള്ള വിമർശനവും വിവരിക്കുക. (3)

iii. ദശരഥനെ പുൽക്കൊടിയുമായി താരതമ്യം ചെയ്തതിന്റെ ഔചിത്യം എന്ത്? (2)

iv. അയോദ്ധ്യയിൽ അന്ന് ആരും ഉറങ്ങിയില്ല എന്നു പറയാൻ കാരമമെന്ത്? (3)

**Question 16**

Read the extract given below and answer in **Malayalam** the questions that follow-

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക)

സീത - വിധി അതിന്റെ നിയതമായ പാതയിൽക്കൂടി ചരിക്കുകയാണ്. വിഷാദിച്ചാൽ എന്തുഫലം?

ചോദ്യങ്ങൾ

i. തനിക്കു വിഷാദമില്ലെന്ന് രാമൻ പറയുന്നതെന്തുകൊണ്ട്? (3)

ii. തനിക്കു കാട് സ്വർഗ്ഗമായിരിക്കുമെന്നു സീത പറയുന്നതെന്തുകൊണ്ട്? (2)

iii. രാമനില്ലെങ്കിൽ നാട് കാടാകുമെന്നു സീത കരുതുന്നതെന്തുകൊണ്ട് (3)

iv. ലക്ഷ്മണന്റെ തീരുമാനങ്ങൾ എന്തെല്ലാം? (2)

**************